# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.1/832/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.1/832/2022 തീയ്യതി: 25/06/2022

## തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ്കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്ര)

ശ്രീ.അനിൽകുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ആശ.ജി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രാജു.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സൗമ്യ ഉദയൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.എം രാജേന്ദ്രൻ നായർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.എ.ഗോപാലൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.ഗോപാലൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.എം.സുനി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. സിമി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സോണികൃഷ്ണ | മെഡിക്കൽഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സ്മിതാറാണി.കെ.എസ് | മെഡിക്കൽഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ബീന | മെഡിക്കൽഓഫീസർ(ഹോമിയോ) | 01-04-2020 | 20-01-2021 |
| ഡോ.വിശ്വകുമാർ | മെഡിക്കൽഓഫീസർ(ഹോമിയോ) | 21-01-2021 | 31-03-2021 |
| ശ്രീമതി.ജയറാണി | എച്ച്.എം | 01-04-2020 | 31-03-2021 |
| ശ്രീ. ഷിബിൻ.വി | വി.ഇ.ഒ (എ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ.ആരോമൽ | വി.ഇ.ഒ (ബി സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി കലാജി പ്രീത.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജ്യോതിസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 14-04-2020 |
| ശ്രീ.സുരേഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-04-2020 | 31-05-2020 |
| ശ്രീമതി സാറാജാസ്മിൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2020 | 31-03-2021 |
| ശ്രീമതി ശിവാംബിക.എസ്.വി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 25-06-2020 |
| ശ്രീ.പ്രസന്നകുമാർ.പി. | ഡയറിഫാം ഇൻസ്ട്രക്ടർ | 26-06-2020 | 31-03-2021 |
| ശ്രീ.ബിജു.സി | കൃഷി ഓഫീസർ | 01-04-2020 | 30-06-2020 |
| ശ്രീ.സുനിൽ.കെ | കൃഷി ഓഫീസർ | 01-07-2020 | 31-03-2021 |

12.11.2020 മുതൽ 12.11.2020 വരെ ഉദ്യോഗസ്ഥ ഭരണ സമിതി

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 15-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Asha G R (Senior Grade Auditor, On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-5 |
| 6 | സാമൂഹ്യസുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-5-1 |
| 7 | അർഹത ഉറപ്പുവരുത്താതെ തൊഴിൽ രഹിത വേതനം നൽകി<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-5-2 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Raju. S (Auditor, On 11-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-6 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 15-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-7 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: AnilKumar R (Senior Grade Auditor, On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prathap Kumar R (Audit Officer (HG), On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-9 |
| 12 | തനത് ഫണ്ടിൽ 5,43,281/- രൂപ കളക്ഷനായിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-10 |
| 13 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Raju. S (Auditor, On 08-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-11 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 10-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-12 |
| 15 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 10-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-13 |
| 16 | മഴക്കാല പൂർവ ശുചീകരണം-ചെലവുരേഖകൾ ലഭ്യമാക്കിയില്ല. 1,90,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 20-04-2022) | 1-14 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 14-06-2022) | |
| 17 | മുൻകൂർ ക്രമീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-15 |
| 18 | സേവനപുസ്തകത്തിൽ രേഖപ്പെടുത്തലുകളില്ല.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-16 |
| 19 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല, വെള്ളക്കരം അടവാക്കുന്നില്ല.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-17 |
| 20 | എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- അപാകതകൾ.<br>Written By: Prathap Kumar R (Audit Officer (HG), On 13-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-18 |
| 21 | തെരുവുവിളക്ക് മെയിന്റനൻസ് -അപാകതകൾ.<br>Written By: Prathap Kumar R (Audit Officer (HG), On 13-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-19 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Prathap Kumar R (Audit Officer (HG), On 13-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-20 |
| 23 | ലാപ്പ് ടോപ്പ് നൽകൽ-വിദ്യാഭ്യാസ യോഗ്യത ഉറപ്പുവരുത്തിയില്ല.<br>Written By: Raju. S (Auditor, On 10-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-21 |
| 24 | ഹരിതകർമ്മസേന-രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.<br>Written By: Raju. S (Auditor, On 13-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-22 |
| 25 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം-ചെലവുരേഖകൾ ഹാജരാക്കിയില്ല- 271643/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-23 |
| 26 | ജാഗ്രതാ സമിതി- പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-24 |
| 27 | ഐ.സി.ഡി.എസ് സൂപ്പർവൈസർ ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല – 39,33,490/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-25 |
| 28 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ്- അപാകതകൾ.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-26 |
| 29 | കോവിഡ് പ്രവർത്തനം- അവലോകനം<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-27 |
| 30 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കേണ്ടതാണ്.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-28 |
| 31 | അങ്കണവാടി പോഷകാഹാരം -അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 20-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-29 |
| 32 | പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂളിനായി ഉപകരണങ്ങൾ വാങ്ങി.<br>Written By: Raju. S (Auditor, On 26-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-30 |

| | | |
|---|---|---|
| 33 | സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിക്കുന്നില്ല.<br>Written By: AnilKumar R (Senior Grade Auditor, On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-31 |
| 34 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-32 |
| 35 | GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: AnilKumar R (Senior Grade Auditor, On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-33 |
| 36 | ടേക്ക് എ ബ്രേക്ക് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: AnilKumar R (Senior Grade Auditor, On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-34 |
| 37 | ലൈഫ് ഭവനപദ്ധതി-അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്ഥീകരിക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 1-35 |
| 38 | ആരോഗ്യ മേഖലയിലെ പദ്ധതികളിലെ അപാകതകൾ .<br>Written By: Prathap Kumar R (Audit Officer (HG), On 13-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 21-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-1 |
| 2 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 21-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Asha G R (Senior Grade Auditor, On 21-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Asha G R (Senior Grade Auditor, On 21-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 21-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha G R (Senior Grade Auditor, On 21-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Asha G R (Senior Grade Auditor, On 21-04-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: AnilKumar R (Senior Grade Auditor, On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 14-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 15-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Asha G R (Senior Grade Auditor, On 21-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 27.03.2020-ലെ 1(1) നമ്പർ തീരുമാന പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 30,61,86,053/-രൂപയും പ്രതീക്ഷിത ചെലവ് 20,300,000/-രൂപയുമാണ്.
ധനകാര്യപത്രിക പ്രകാരം (ഇൻകം ആന്റ് എക്സ്പെന്റിച്ചർ) 2020-21 സാമ്പത്തിക വർഷത്തെ ആകെ വരവ് 26,05,35,910/- രൂപയും ചെലവ് 26,91,38,772/- രൂപയുമാണ്.

ബജറ്റ് രൂപീകരണ നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല.
1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല. ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 1/23.03.22).

2)ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 2305007 സംരക്ഷണവും അറ്റകുറ്റപ്പണികളും വൈദ്യുതി | 0 | 396000 |
| 2 | 2308001 മറ്റ് നടത്തിപ്പ് മെയിന്റൻസ് ചെലവുകൾ | 0 | 5286939 |
| 3 | 2501001 കൃഷിയും അനുബന്ധ മേഖലകളും | 200000 | 254118 |

3) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|
| 2103002 അവധി ശമ്പളം | 600000 | 0 |
| 2103001 പെൻഷൻകോൺട്രിബ്യൂഷൻ | 1000000 | 0 |
| 2206001 പരസ്യവും പ്രചരണവും | 200000 | 0 |
| 2301101 വാട്ടർ ചാർജ് | 1000000 | 0 |

4) വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവിലും വളരെ കുറവ് വരവാണ് ലഭിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 1102001 തൊഴിൽ നികുതി | 943210 | 1750000 |
| 1308001 മറ്റ് വാടകകൾ | ० | 200000 |
| 1405001 സർവീസ് ചാർജ് | 40 | 30000 |

5)ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും വിവിധ ശീർഷകങ്ങളിൽ ചെലവായ തുകയേക്കാൾ വളരെ കൂടിയ തുകയാണ് റിവൈസ്ഡ് ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 2101001 ശമ്പളം | 9500000 | 836118 |
| 2 | 2201101 ഓഫീസ് ചെലവുകൾ | 405275 | 75171 |

കേരള പഞ്ചായത്ത്രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 20.06.2021 | - | - |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 260535910 ചെലവ് 269138772).

2. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

3. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents-മായി പൊരുത്തപ്പെടുന്നില്ല.

4. ബി 14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യം നിർണയിച്ചിട്ടില്ല.

5. വാർഷിക കണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios), നോട്സ് ഓൺ അക്കൌണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

7. ഇം.എം.എസ്. ഭവന വായ്പാ രജിസ്റ്റർ പ്രകാരം വായ്പയുടെ മുതലിനത്തിൽ ബാധ്യതയില്ല. എന്നാൽ ധനകാര്യപത്രികയിൽ വായ്പയിനത്തിൽ 89,433/-രൂപ ബാദ്ധ്യത നിലനിൽക്കുന്നു. വായ്പയുടെ മുതലിനത്തിലെ ബാദ്ധ്യതയുടെ വിവരങ്ങൾ ബാങ്കിൽ നിന്നും ലഭ്യമായിട്ടില്ല. (പൊൻവിള സർവീസ് സഹകരണ ബാങ്ക്).

8. ഹഡ്കോ വായ്പാ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വായ്പയിനത്തിൽ നാളിതുവരെ ലഭിച്ച തുക, നാളിതുവരെയുള്ള തിരിച്ചടവ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുത്താനായില്ല.

9. ധനകാര്യപത്രിക പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റിനങ്ങളിലെ വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ (Suppliers Security Deposit, Bidders Security Deposit, Other Deposits, Election Deposit, Road Cutting Deposit) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

10. വിവിധ ഡെപ്പോസിറ്റിനങ്ങളിലെ രജിസ്റ്റർ പ്രകാരം 3 വർഷത്തിലധികമായ തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല.

11. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (മാർച്ച് 2021 ലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം മുതലായ ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12. B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ വരവ് ചെലവ് ബാലൻസ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ (വാട്ടർ അതോറിറ്റി, കെ.എസ് ഇ ബി, കെൽ) രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

13. 2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

14. 2019-20വർഷത്തെ ധനകാര്യപത്രിക (ബി 18 പ്രകാരം) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് (KEL) ന് ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയിരുന്ന 12,57,575/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. തുക നൽകിയ വർഷം, നൽകിയ തുക, പ്രോജക്ടിന്റെ പേര്, നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിന് കാരണം, പ്രവൃത്തി പൂർത്തിയായിട്ടില്ലായെങ്കിൽ ആയതിന് കാരണം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

15. I18- Prior Period Income – Property Tax On Non Residential Buildings ഹെഡിൽ 190622/- രൂപ രേഖപ്പെടുത്തി ഡിമാന്റ് കുറവ് വരുത്തിയിട്ടുണ്ട്. ഇതിനാധാരമായ ഭരണസമിതി തീരുമാനം, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

16. 2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരിപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

17. IOB തനത് ഫണ്ട് അക്കൌണ്ടിന്റെ മാർച്ച് 2021 ലെ റീ കൺസിലിയേഷൻ പത്രികയിൽ Cheques Issued But Not Presented Into Bank എന്നയിനത്തിൽ ഇഷ്യൂ ചെയ്ത് മൂന്നുമാസത്തിലധികമായ 43,769/- രൂപയുടെ ചെക്കുകളുണ്ട്. ആയത് Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

18. ലേലം സംബന്ധിച്ച രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

19. തൊഴിൽ നികുതി രജിസ്ററർ പ്രകാരം തൻവർഷ വരവ് 638560/- ആണ്. എന്നാൽ ധനകാര്യപത്രിക പ്രകാരം വരവ് 599060/- ആണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

20. FATEOS ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

21. എം.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വരവ് | ചെലവ് |
|---|---|---|
| എ.എഫ്.എസ്. പ്രകാരം | 2112767 | 2119812 |
| ക്യാഷ് ബുക്ക പ്രകാരം | 2116767 | 2123812 |

22. വാർഷിക കണക്കുകൾ പ്രകാരം ബി11 (എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നത് ൦/- ആണ്. എന്നാൽ എ.ഇ. യുടെ സ്റ്റേറ്റ്മെന്റ് പ്രകാരം തുക 351411/- ആണ്.

23. ഐ.ഒ.ബി ലൈഫ് മിഷൻ അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.21 ലെ നീക്കിയിരിപ്പ് 540/- രൂപയാണ്. എന്നാൽ ധനകാര്യപത്രിക പ്രകാരം ആയത് 500/- ആണ്.

24. ധനകാര്യപത്രിക നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന SD-TSB Covid അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

25. വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ സഞ്ചയ, വാർഷിക കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി (തൻ വർഷം)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | *3935438* | *2957790* | *1002266* |
| വാർഷിക കണക്കുകൾ പ്രകാരം | *3768866* | *2732590* | *1087082* |

വസ്തുനികുതി (അരിയർ)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | *571863* | *288545* | *284244* |
| വാർഷിക കണക്കുകൾ പ്രകാരം | *582899.85* | *274084* | *329469.85* |

26) ഇം.എം.എസ്. വായ്പാ രജിസ്റ്റർ പ്രകാരം വായ്പയുടെ മുതലിനത്തിൽ ബാധ്യതയില്ല. എന്നാൽ ധനകാര്യപത്രികയിൽ വായ്പയിനത്തിൽ 89,433/-രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ആകെ | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | ചെലവ് ACR പ്രകാരം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 20624951 | 20624951 | 26814769 | 20541295 | (-) 6189818 |
| വികസനഫണ്ട്-എസ്.സി.പി | 0 | 5357274 | 5357274 | 3627785 | 3496059 | 1729489 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 26122172 | 26122172 | 16167008 | 16167008 | 9955164 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 16863000 | 16863000 | 16863000 | 16863000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 6869806 | 6869806 | 6859193 | 6859193 | 10613 |

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുകൾ സർക്കാർ ഉത്തരവുകളിലൂടെ അനുവദിച്ചിട്ടുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

വരവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 20624951 | 26898425 |
| വികസനഫണ്ട് (എസ്.സി.പി) | 5357274 | 5489000 |

വിവിധ ആവശ്യങ്ങൾക്കായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുകയ്ക്ക് ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവു രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പ്രസ്തുത തുക വരവിൽ ഉൾപ്പെടുത്തുന്നില്ല. തൻ നിമിത്തം വരവു കുറവായി രേഖപ്പെടുത്താനിടയാകുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പൊതു വിഭാഗം വികസന ഫണ്ടിന്റെ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് എ.സി.ആർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ.

| ഫണ്ടിനം | ചെലവ് | |
|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം |
| വികസന ഫണ്ട് ജനറൽ | 26814769 | 20541295 |
| വികസന ഫണ്ട് എസ് സി പി | 3627785 | 3496059 |

3. കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് പ്രകാരം( B4) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്സ് കോഡ് | തുക |
|---|---|
| 320100115, Total Sanitation Campaign | 2882812 |

| | |
|---|---|
| 320100121, ICDS | 536169 |
| 320100299, Other Grants | 575000 |
| 320200299, Fund For Transferred Instns Others | 75000 |
| 320200309, Literacy Scheme Grant | 75392 |
| 320200323, Grant For Keralolsavam | 20000 |
| 320300199 , Grants- Other Govt Agencies | 752203 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 2 /24.03.20).

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 336 | 286388581 | 239 | 97241202 | 0 | 97 | 71 |

തൻവർഷം 71% പദ്ധതികൾ പൂർത്തീകരിച്ചുവെങ്കിലും വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിന്റെ 34%മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥരും പ്രാമുഖ്യം നൽകേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 86280 | 123 |
| കർഷകതൊഴിലാളി പെൻഷൻ | 16414500 | 1157 |
| വിധവപെൻഷൻ | 17036900 | 1052 |
| വാർദ്ധക്യകാലപെൻഷൻ | 32814700 | 2324 |
| വികലാംഗപെൻഷൻ | 11746800 | 771 |
| വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 666700 | 44 |

## 1-5-1 സാമൂഹ്യസുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണ റിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ ചെർത്തിരിക്കുന്ന ഗുണഭോക്താവിനെ മരണശേഷവും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു.

| നമ്പർ | പേര് | മരണപ്പെട്ട തീയതി | പെൻഷണർ ഐ.ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | സെൽവൻ.ഡി ചെമ്മണ്ണുവിള പുത്തൻവീട് എറിച്ചല്ലൂർ | 09.01.20 | 102980201860 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.07.18 സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനർഹരെ യഥാസമയം

സസ്പെന്റ് ചെയ്യേണ്ടത് സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ചുമതലയാണ്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.13/30.03.2022)

## 1-5-2 അർഹത ഉറപ്പുവരുത്താതെ തൊഴിൽ രഹിത വേതനം നൽകി

ധനകാര്യപത്രിക പ്രകാരം തൊഴിൽ രഹിത വേതനമിനത്തിൽ 2020-21 വർഷത്തെ ചെലവ് 86,280/- രൂപയാണ് (ഇ ബിൽ ബുക്ക് ബിൽ നം 18/15.09.20 ). എന്നാൽ മേൽ ചെലവുമായി ബന്ധപ്പെട്ട ബില്ലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സ.ഉ ( അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019-ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും ടിയാളിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതിവാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടുള്ളതല്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം ആനുകൂല്യം ലഭ്യമാക്കിയ ഗുണഭോക്താക്കൾ ഇത്തരത്തിൽ നൽകിയ സത്യവാങ്മൂലം, ഗുണഭോക്താവിന്റെ അർഹത ഉറപ്പാക്കുന്ന രേഖകൾ, വരുമാനത്തിന്റെ അർഹത തെളിയിക്കുന്ന രേഖകൾ, അക്വിറ്റൻസ് രജിസ്ററർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തൊഴിൽ രഹിത വേതന വിതരണമിനത്തിൽ 86,280/-രൂപ വിതരണം നടത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ തൊഴിൽരഹിത വേതന വിതരണം നടത്തിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 12/20.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

അർഹതാനിർണയം നടത്താതെയാണ് തൊഴിൽരഹിത വേതന വിതരണം ചെയ്തിരിക്കുന്നത്. വിതരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-3-2022 ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66510/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും വിവരങ്ങൾ കാലികമായും കൃത്യതയോടെയും സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

*വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

*പഞ്ചായത്ത് പ്രദേശത്തെ പൊതുടാപ്പുകളുടെ വിവരം ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുന്നതിന് സത്വര നടപടികൾ കൈകൊള്ളേണ്ടതാണ്.

*തെരുവ് വിളക്ക് പരിപാലനം, മെയിന്റനൻസ് എന്നീ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
ഹരിത കർമ്മ സേനയ്ക്കായി രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് അഭികാമ്യമല്ലാത്തിനാൽ എത്രയും വേഗം ആദ്യത്തെ അക്കൗണ്ട് ക്ലോസ് ചെയ്ത് രണ്ടാമത്തെ അക്കൗണ്ടിൽ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*ജാഗ്രതാ സമിതി- പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

*ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ്- അപാകതകൾ പരിഹരിക്കേണ്ടതാണ്.

*അങ്കണവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7043 | 2112767 | 2119810 | 2119812 | (-)2 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 80646638 | 80646638 | 80646638 | 0 |
| ആകെ | 7043 | 82759405 | 82766448 | 82766450 | (-)2 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.02.2022 | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 03/2017 | 2011-12 മുതൽ 2015-16 വരെ | 02.08.2019 |

## 1-10 തനത് ഫണ്ടിൽ 5,43,281/- രൂപ കളക്ഷനായിട്ടില്ല.

ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ നിലവിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2021 ലെ റീ കൺസിലിയേഷൻ പത്രികപ്രകാരം 5,43,281/-രൂപ കളക്ഷനാകാത്തതായി ( Cheques Deposited But Not Collected From Bank) രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ചെക്ക്/ഡി ഡി നം , തീയതി | തുക |
|---|---|---|
| 119010500013 | 702513/31.08.2019 | 1250 |
| 120010500012 | 484235/08.02.2021 | 542031 |

പ്രസ്തുത വരവ് ഏതിനത്തിലെയാണ്, ചെക്ക് പണമാകാത്ത വിവരം ആയത് നൽകിയ വ്യക്തിയെ രേഖാമൂലം അറിയിച്ചതിന്റെയും, തുക ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെയും വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 4/25.3.22) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ആയത് കൃത്യമാക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 28/2022-ന് ലഭ്യമാക്കിയ മറുപടിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്ന് അറിയിച്ചു. മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലും ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടും രൂപീകരിക്കാത്തത് ഗ്രമാപഞ്ചായത്തിന്റെ വീഴ്ചയായി കാണുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലിചെയ്യുന്ന വ്യക്തികൾ അവരുടെ വരുമാനാടിസ്ഥാനത്തിൽ തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് 1994-ലെ കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 205(എഫ്)വകുപ്പ് പ്രകാരം ചുവടെ വിവരിക്കുന്ന ആഫീസ് മേധാവിക്ക്/തൊഴിൽ ഉടമക്ക് ഗ്രാമപഞ്ചായത്ത്

നോട്ടീസ് നൽകിയെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ രണ്ട് അർദ്ധ വർഷവും തൊഴിൽ നികുതി അടവാക്കിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കണ്ടെത്തി.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആദാംഫൈനാൽസ് |
| 2 | ജവഹർ സെൽട്രൽ സ്കൂൾ |
| 3 | കേരളാ സ്റ്റേറ്റ് കോ.ഓപ്പറേറ്റീവ് ബാങ്ക് |
| 4 | കൈരളി ഫൈനാൽസ്, വട്ടൂർകോണം |
| 5 | നെയ്യാറ്റിൻകര താലൂക്ക് ഡ്രൈവേഴ്സ് സഹകരണ സംഘം,ചെങ്കവിള |
| 6 | SRV മോട്ടേഴ്സ് |
| 7 | നൂറുൾ ഇസ്ലാം ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 8 | ആദാംഫൈനാൽസ്,ഉച്ചക്കട |
| 9 | നെല്ലിമൂട് വനിതാ കോ.ഓപ്പറേറ്റീവ് സൊസൈറ്റി |
| 10 | ഹെന്നാ ഫിനാൽസ്,പൊഴിയൂർ |

കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് സെക്ഷൻ 205 ഇ,എഫ്,എച്ച്,എന്നീ വകുപ്പുകളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം വിശദാംശങ്ങൾ നൽകാനും നികുതി അടവാക്കാനും ബാധ്യതയുള്ള ഏതെങ്കിലും ആഫീസ് മേധാവിയോ തൊഴിലുടമയോ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അങ്ങനെയുള്ള വിവരങ്ങൾ നൽകുന്നതിലോ അടയ്ക്കേണ്ടതായ നികുതി അടവാക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യതാൽ സെക്രട്ടറിയ്ക്ക് ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണ്. സ്ഥാപനങ്ങൾക്ക് തൊഴിൽനികുതി അടവാക്കാൻ നോട്ടീസ് നൽകുന്നതല്ലാതെ മറ്റു നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. തനത്ഫണ്ട് ചോർച്ചയ്ക്ക് കാരണമാകുന്നതിനാൽ മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുവെന്നും അവയിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞ് അന്വേഷണക്കുറിപ്പ് 29/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2019-20-ലെ ഓഡിറ്റ് റിപ്പോർട്ടിൽ നികുതി അടയ്ക്കുവാൻ റേഷൻകടകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ച ഗ്രാമപഞ്ചായത്ത് 2020-21-ലും റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിട്ടുണ്ട്. ആയതിനാൽ പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 മഴക്കാല പൂർവ ശുചീകരണം-ചെലവുരേഖകൾ ലഭ്യമാക്കിയില്ല. 1,90,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി ₹1,90,000/- മെഡിക്കൽ ഓഫീസർ, കാരോട്- ന് ബിൽ നം 53/26.03.2021 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ, ചെലവുരേഖകൾ എന്നിവ ലഭ്യമായിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 1,90,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 മുൻകൂർ ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ശ്രീ സുരേഷ് ബാബു (അസിസ്റ്റന്റ് സെക്രട്ടറി) ന് 2019-20 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻകൂർ നൽകിയ 15,000/- രൂപയിൽ (03.09.2019, വൌച്ചർ നം 21900471)

9,000/-രൂപ തിരികെ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

ധനകാര്യപത്രികയിലും പ്രസ്തുത തുക കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുക ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.4/25.3.22) തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സേവനപുസ്തകത്തിൽ രേഖപ്പെടുത്തലുകളില്ല.

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്ത ഇനത്തിൽ ബിൽ രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ, ചെക്ക് നം , തീയതി | തുക | കൈപ്പറ്റിയ ആൾ |
|---|---|---|
| 22001654<br>495747/31.03.21 | 15730 | രവീന്ദ്രൻ നായർ ഡി,<br>എ.ഇ, എൻ ആർ ഇ ജി എസ് |
| 22001655<br>495748/31.03.21 | 12020 | ലക്ഷ്മി, ഓവർസീയർ<br>എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 22001656<br>495749/31.03.21 | 12020 | ലൈല, ഓവർസീയർ ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 22001657<br>495750/31.03.21 | 12020 | ഷീബ റ്റി വി, ഡി ഇ ഒ, എൻ ആർഇ ജി എസ് |
| 22001658<br>495751/31.03.21 | 12020 | അഞ്ജു, ഡി.ഇ.ഒ, എൻ ആർഇ ജി എസ് |
| 22001659<br>495752/31.03.21 | 12020 | ആശ എ.എം, ഡി ഇ ഒ, എൻ ആർഇ ജി എസ് |

പ്രസ്തുത ജീവനക്കാരുടെ സേവന പുസ്തകം സൂക്ഷിക്കുന്നുണ്ടെങ്കിലും സേവനവിവരങ്ങളും അവധി വിവരങ്ങളും ആർജ്ജിതാവധി സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. സേവനപുസ്തകത്തിൽ രേഖപ്പടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയ നടപടി പഞ്ചായത്തിന്റെ വീഴ്ചയായി കാണുന്നു. ജീവനക്കാരുടെ സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധികൾ സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല, വെള്ളക്കരം അടവാക്കുന്നില്ല.

പഞ്ചായത്തിൽ മുൻവർഷങ്ങളിലെ വാട്ടർ ചാർജിനത്തിൽ ലക്ഷങ്ങൾ ഒടുക്കാൻ ബാക്കിയുള്ളതായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി- കേരള വാട്ടർ അതോറിറ്റി (നെയ്യാറ്റിൻകര) നിന്നും ലഭ്യമാക്കിയ ജൂലൈ 2020-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്ത് പരിധിയിലെ 25 പൊതുടാപ്പുകൾക്ക് അടവാക്കേണ്ട തുക 23,65,624/-രൂപയാണ് (കുടിശ്ശിക, പിഴപ്പലിശ ഉൾപ്പെടെ ). എന്നാൽ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഈയിനത്തിൽ തുകയൊന്നും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടില്ല. കുടിശ്ശിക ഇനത്തിലുള്ള ബാദ്ധ്യത ശാസ്ത്രീയമായി പുനർനിർണയിക്കുന്നതിനും തീർപ്പാക്കുന്നതിനും ഇതേവരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. 23.12.2019-ലെ 15/1-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം ഉപയോഗപ്രദമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം, അല്ലാത്തവ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമവും പൊതുജനോപകാരപ്രദവുമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അർഹമായ തുകമാത്രമാണ് വെള്ളക്കരമിനത്തിൽ ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വെള്ളക്കരമിനത്തിൽ യഥാസമയം തുക അടവാക്കാത്തത് പിഴപ്പലിശയിനത്തിലും കുടിശ്ശികയിനത്തിലും പഞ്ചായത്തിന് അധികബാധ്യത ഉണ്ടാക്കും. പൊതുടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനും വാട്ടർചാർജ്ജ് ഇനത്തിലെ ഒടുക്കുകൾ രേഖപ്പെടുത്തുന്നതിനുമുള്ള രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- അപാകതകൾ.

2020-21 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ആകെ 714 എൽ.ഇ.ഡി. തെരുവു വിളക്കുകൾ United Electrical Industries എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| പ്രോജക്ട് നം. | ഇൻവോയ്സ് | തെരുവ് വിളക്കുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 68 | 786/06.03.2020 | 77 | 225000 | 219200 |
| 61 | 784/06.03.2020 | 60 | 195000 | 192000 |
| 79 | 785/06.03.2020 | 22 | 65000 | 63800 |
| 23 | 809/26.02.2021 | 281 | 798000 | 797430 |
| 297 | 783/06.03.2020 | 165 | 470000 | 470000 |
| 372 | 13.03.2021 | 109 | 300000 | 297235 |

പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഇൻവോയിസ് പ്രകാരം ലഭിച്ച തെരുവുവിളക്കുകളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ നിർഹവണ ഉദ്യോഗസ്ഥൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. എൽ.ഇ.ഡി. തെരുവുവിളക്കുകൾക്ക് വാറണ്ടി കാലാവധിയുണ്ടെങ്കിലും ആയതിന്റെ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. തെരുവുവിളക്ക് രജിസ്റ്റർ പരിപാലിച്ച് വരുന്നില്ല.

4. ഹജരാക്കിയ തെരുവുവിളക്ക് പരാതി രജിസ്റ്റർ അപൂർണമാണ്. പരാതി ലഭിച്ച തീയതി, പരാതി പരിഹരിച്ച തീയതി എന്നീ വിവരങ്ങൾ ലഭ്യമല്ല.

5. തെരുവുവിളക്കുകൾ സ്ഥാപിച്ച സ്ഥലം, തീയതി എന്നിവ കരാറുകാരൻ ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്കുകൾ സ്ഥാപിച്ച പോസ്റ്റ് നമ്പരുകൾ രേഖപ്പെടുത്തിയ വാർഡ് മെമ്പർമാരുടെ ലെറ്റർ ഹെഡുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയത് നിർവഹണഉദ്യോഗസ്ഥനോ മോണിറ്ററിംഗ് സമിതിയോ ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. 714എൽ.ഇ.ഡി. തെരുവുവിളക്കുകൾ പുതിയതായി സ്ഥാപിച്ചതാണോ, കേടായ പഴയവിളക്കുകൾക്ക് പകരം മാറ്റി സ്ഥാപിച്ചതാണോ എന്നീ വിവരങ്ങളും ലഭ്യമല്ല. പഴയ വിളക്കുകൾ മാറ്റി സ്ഥാപിച്ചതാണെങ്കിൽ, നിലവിലുണ്ടായിരുന്ന എൽ.ഇ.ഡി. വിളക്കുകൾ വാറണ്ടി കാലാവധിക്കുള്ളിലുള്ളതാണോയെന്ന് പരിശോധിച്ചുറപ്പുവരുത്തിയതായും കാണുന്നില്ല. മാറ്റിയ വിളക്കുകളുടെ സ്റ്റോക്ക് വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയെങ്കിലും അപാകം സാധൂകരിച്ചിട്ടില്ല. വ്യക്തവും വിശദവുമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-19 തെരുവുവിളക്ക് മെയിന്റനൻസ് -അപാകതകൾ.

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ചെക്ക് നം. തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 299/21 (SO) | 4 ലക്ഷം (തനത് ഫണ്ട്) | 4 ലക്ഷം | 1787222/ 11.12.2020 | സുരേഷ്. റ്റി എ വൺ ഏജൻസി |

പഞ്ചായത്തിലെ തെരുവുവിളക്കുകൾ പരിപാലിക്കുന്നതിനായി കരാർ നൽകിയ വകയിൽ സാധനവിലയായി 202014.36 രൂപയും, മെയിന്റനൻസ് ചെലവായി 213740/-രൂപയും ഉൾപ്പെടെ ആകെ 415754.36 രൂപയുടെ ബിൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി 4 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ടി പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. തെരുവുവിളക്ക് രജിസ്റ്റർ പരിപാലിച്ചുവരുന്നില്ല.

2. പരാതി രജിസ്റ്റർ ശരിയാം വണ്ണം എഴുതി സൂക്ഷിക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് പണം നൽകിയിട്ടുള്ളത്. മാറ്റിയ/അറ്റകുറ്റപ്പണികൾ ചെയ്ത തെരുവു വിളക്കുകളുടെ വിശദവിവരം കരാറുകാരൻ രേഖപ്പെടുത്തി നൽകുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. മാറ്റിയ പഴയ ഇലക്ട്രിക് ഉപകരണങ്ങളുടെയും വിളക്കുകളുടെയും സ്റ്റോക്ക് വിവരം എഴുതി സൂക്ഷിച്ചിട്ടില്ല.
രജിസ്റ്റർ കൃത്യമായും കാലികമായും എഴുതി സാക്ഷ്യപ്പെടുത്തി അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതാണ്.

### 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ചെലവാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 3/21 | 100000 (വികസന ഫണ്ട് -ജനറൽ) | 100000 | 36/13.01.2021 | സാമൂഹ്യ സുരക്ഷാ മിഷൻ |
| 14/21 | 146828 (വികസന ഫണ്ട് -ജനറൽ) | 146828 | 13/25.06.2020 | ഐ.കെ.എം. |
| 15/21 | 840000 (വികസന ഫണ്ട് -ജനറൽ) | 840000 | 22/14.09.2020 | പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് (PMAY GEN വിഹിതം) |
| 85/21 | 50000 (വികസന ഫണ്ട് -SCP) | 50000 | 23/08.10.2020 | പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് (PMAY SC വിഹിതം) |

ചെലവു തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-21 ലാപ്പ് ടോപ്പ് നൽകൽ-വിദ്യാഭ്യാസ യോഗ്യത ഉറപ്പുവരുത്തിയില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | S0135/2021-ലാപ്പ്ടോപ്പ് നൽകൽ(പട്ടികജാതി) |
| അടങ്കൽ തുക | 370000/- വികസനഫണ്ട്<br>20000/-തനത് ഫണ്ട്<br>ആകെ-390000/-<br>ചെലവ് തുക-381500/- |
| നിർവഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |
| ബിൽനമ്പർ | 2/15-2-2021<br>370/ 16-3-2021 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കും ഡിപ്ലോമ കോഴ്സ് തുടങ്ങിയവയ്ക്ക് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയ്ക്കായി ആകെ 49 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 14 പേർക്കാണ് ലാപ്ടോപ്പുകൾ നൽകിയത്. ഗുണഭോക്താക്കൾ പദ്ധതി നടത്തിപ്പ് കാലയളവിൽ കോഴ്സ് പഠിതാക്കൾ ആയിരിക്കണം. എന്നാൽ അപേക്ഷകളുടെ പരിശോധനയിൽ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താവായ രേഷ്മ V.B.(വാർഡ് -13/86) 2018-ൽ ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നും BBAകോഴ്സ് പൂർത്തായാക്കിയതായുള്ള സർട്ടിഫിക്കറ്റ് (Reg.no.15BBB 1060,Provisional Certificate- 13-11-2018-ൽ) ആണ് ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താവിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് പദ്ധതികാലയളവിന് മുമ്പാണെന്ന് വ്യക്തമാകുന്നു. തെരഞ്ഞെടുത്ത 49 ഗുണഭോക്താക്കൾ ലിസ്റ്റ് പ്രകാരം ഉള്ളപ്പോൾ ആകെ 14പേർക്ക് ലാപ്പ്ടോപ്പുകൾ നൽകിയതിനും, പദ്ധതി നടത്തിപ്പ് കാലയളവിന് മുമ്പ് കോഴ്സ് പാസായ ഗുണഭോക്താവിന് ലാപ്പ്ടോപ്പ് നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണക്കുറിപ്പ് 6/2022 -ന് നൽകിയ മറുപടിയിൽ നിലവിൽ കമ്പ്യൂട്ടർ കോഴ്സ് പഠിതാവായിരുന്നതുകൊണ്ടാണ് ലാപ്പ്ടോപ്പ് നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഏത് കമ്പ്യൂട്ടർ കോഴ്സാണ് പഠിച്ചതെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റോ, കോഴ്സ് സർട്ടിഫിക്കോ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വരും വർഷങ്ങളിൽ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നവർ പദ്ധതി കാലയളവിൽ കോഴ്സ് പഠിതാക്കളോ, പൂർത്തിയാക്കുന്നവരോ ആണെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയശേഷം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഹരിതകർമ്മസേന-രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയ്ക്കായി ബാങ്ക് ഓഫ് ഇൻഡ്യ-യുടെ ഉച്ചക്കട ശാഖയിൽ വി.ഇ.ഒ, സൂപ്പർവൈസർ എന്നിവരുടെ പേരിൽ 852810110014740 നമ്പരായും, അതെ ബാങ്കിൽ ഹരിതകർമ്മസേനയുടെ സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ 852810110016979 എന്ന അക്കൗണ്ടും നിലവിലുണ്ട്. 852810110014740-ാം നമ്പർ അക്കൗണ്ടിൽ 7-8-2021 വരെ 343674/-രൂപയും 852810110016979-ാം നമ്പർ അക്കൗണ്ടിൽ 5-1-2022-ൽ 118515/-രൂപയും ബാലൻസ് ഉള്ളതായും കാണുന്നു. ഒരേ ആവശ്യത്തിനായി രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പ് 35/22-ന് ലഭ്യമാക്കിയ മറുപടിയിൽ, ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ച സമയത്ത് വി.ഇ.ഓ.യുടെയും ഹരിതകർമ്മസേനയിലെ തെരഞ്ഞടുത്തയാളുടെയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങിയെന്നും, തുടർന്ന് 12-8-2020-ലെ സ.ഉ(സാധാ)നം.1496/2020 /ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ഹരിത കർമ്മസേനയ്ക്ക് കൺസോർഷ്യം രൂപീകരിക്കണമെന്നും, അതിൽ നിന്നും പ്രസിഡന്റെ, സെക്രട്ടറി എന്നിവരുടെ പേരിൽ അക്കൗണ്ട് തുടങ്ങണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പുതിയ അക്കൗണ്ട് തുടങ്ങിയതെന്നും, ആദ്യം തുടങ്ങിയ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ലായെന്നും, ഉടൻ തന്നെ ക്ലോസ് ചെയ്ത് തുക രണ്ടാമതായി തുടങ്ങിയ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണെന്നും അറിയിച്ചു. ഒരു പദ്ധതി നടത്തിപ്പിനായി രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് അഭികാമ്യമല്ലാത്തിനാൽ എത്രയും വേഗം ആദ്യത്തെ അക്കൗണ്ട് ക്ലോസ് ചെയ്ത് രണ്ടാമത്തെ അക്കൗണ്ടിൽ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം-ചെലവുരേഖകൾ ഹാജരാക്കിയില്ല-271643/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ നം, പേര് - 277/21(സ്പിൽ ഓവർ)

ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം മെച്ചപ്പെടുത്തൽ ഓണറേറിയം, വിദ്യാർത്ഥികൾക്ക് ഉച്ച ഭക്ഷണം, യാത്രാ സൌകര്യം

നിർവഹണ ഉദ്യോസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ - Rs 3,24,760/- ( വികസന ഫണ്ട് പൊതുവിഭാഗം സാ.ധാ)

ചെലവ് - Rs 2,71,643/-
ബിൽ നം 19/25.08.20 Rs 24292

ബിൽ നം 10/24.06.20 Rs 56559

ബിൽ നം 6/27.05.20 Rs 58578

ബിൽ നം 1/15.05.20 Rs 132214

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥ ഓഡിറ്റിന് ഹാജരാക്കിയത്. ബില്ലുകൾ മുഖേന ചുവടെ ചേർക്കും പ്രകാരം വിവിധ വ്യക്തികൾക്ക് തുക നൽകിയിരിക്കുന്നു.

| ബിൽ പ്രകാരം തുക നൽകിയിരിക്കുന്ന വ്യക്തി | തുക (രൂപ) | ബിൽ നം , തീയതി, തുക |
|---|---|---|

| | | |
|---|---|---|
| ദേവബാലസുന്ദരം | 24292 | 19/25.08.20 Rs 24292 |
| ലിജി ആർ എൽ | 13837 | 10/24.06.20 Rs 56559 |
| ദേവബാലസുന്ദരം | 11232 | |
| പ്രേമലത റ്റി | 6000 | |
| പൊൻവിള സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 25490 | |
| ലിജി ആർ എൽ | 18146 | 6/15.06.20, Rs 58578 |
| ദേവബാലസുന്ദരം | 34432 | |
| പ്രേമലത റ്റി | 6000 | |
| ലിജി ആർ എൽ | 21544 | 1/16.05.20, Rs 132214 |
| ദേവബാലസുന്ദരം | 69152 | |
| പ്രേമലത റ്റി | 12000 | |
| ലിസി എം | 12000 | |
| പൊൻവിള സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 17518 | |

മേൽ ചെലവുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ, വൌച്ചറുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ (എൻക്വയറി നം18/31.03.2022) 2,71,643/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ജാഗ്രതാ സമിതി- പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം 2 പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (വികസനഫണ്ട് വിഹിതം ) | ചെലവ് |
|---|---|---|
| ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക (പുതിയത് ) 16/21 | 30000 | 0 |
| ജാഗ്രതാസമിതി പ്രവർത്തനം ശക്തിപ്പെടുത്തൽ( സ്പിൽ ഓവർ) 289/21 | 10000 | 10000 (ബിൽ നം 14/25.08.2020) |

പ്രോജക്ട് നം 16/21 പ്രകാരം 30,000/-രൂപ വികസന ഫണ്ട് വകയിരുത്തിയെങ്കിലും യാതൊരു വിധ ചെലവും നടത്തിയിട്ടില്ല.

സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.4.2 പ്രകാരം ജാഗ്രതാസമിതി മാസം തോറും വാർഡ്തല/പഞ്ചായത്ത്തല മീറ്റിംഗുകൾ കൂടേണ്ടതും പരാതികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. പരാതിപ്പെട്ടി, ജെൻറർ ഡെസ്ക് എന്നിവ സ്ഥാപിക്കേണ്ടതും പരാതികൾ ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും തീർപ്പാക്കേണ്ടതുമാണ്.

രണ്ട് മാസത്തിലൊരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം. ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിച്ച് ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്. ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കോവിഡ് 19

രോഗവ്യാപനത്തിലെ ലോക്ഡൌൺ ഇളവുകൾക്ക് ശേഷം 19 വാർഡുകളിലും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ അറിവോട് കൂടി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം നം 18). ജാഗ്രതാസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഐ.സി.ഡി.എസ് സൂപ്പർവൈസർ ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല – 39,33,490/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥ – ഐ. സി.ഡി .എസ് സൂപ്പർവൈസർ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|---|
| 6/21 | അനുപൂരക പോഷകാഹാര പദ്ധതി അങ്കണവാടികളിൽ | 30,00,000 (പൊതുവിഭാഗം സാ.ധാ-15,00,000 കേന്ദ്രാവിഷ്കൃത ഫണ്ട് - 15,00,000) | 25,99,871 | 12/25.08.20 Rs 3,38,048<br>8/18.06.20 Rs 4,57,575<br>4/27.05.20 Rs4,75,675<br>3/27.05.20 Rs 2,28,702<br>ചെക്ക്നം 1787253/23.03.21 Rs 687426<br>ചെക്ക്നം1787232/28.01.2021 തീയതി, Rs 412445 |
| 7/21 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പരിപാടി ( എസ് സി പി) | 13,21,059 (പൊതുവിഭാഗം എസ് സി പി-1021059 കേന്ദ്രാവിഷ്കൃത ഫണ്ട് - 300000) | 10,21,059 | 15/25.08.20 Rs 1,32,112<br>13/25.08.20 Rs 2,87,505<br>7/29.06.20 Rs 2,00,000<br>5 /27.05.20 Rs 4,01,442 |
| 12/21 | ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം മെച്ചപ്പെടുത്തൽ ഹോണറേറിയം, വിദ്യാർത്ഥികൾക്ക് ഉച്ച ഭക്ഷണം, യാത്രാ സൌകര്യം | 5,67,000 ( പൊതുവിഭാഗം സാ.ധാ 126240 തനത് ഫണ്ട് 440760 ) | 3,12,560 | ചെലവു പത്രിക പ്രകാരം |

മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം18/31.03.2022). രേഖകൾ ഹാജരാക്കാത്തതിനാൽ 39,33,490/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ്- അപാകതകൾ.

(എ) പ്രോജക്ട് നം 9/21

പ്രോജക്ടിന്റെ പേര് - ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ്

നിർവഹണ ഉദ്യോഗസ്ഥ – ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ -3135000

( 15,67,500-വികസന ഫണ്ട് പൊതുവിഭാഗം സാധാ

7,83,750 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം

783750 - ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 30,46,950

| ബിൽ നം | തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 32 | 11.02.21 | 2,37,200 |
| 31 | 11.02.21 | 1,25,000 |
| 25 | 16.01.21 | 2,10,000 |
| 24 | 16.04.21 | 3,85,000 |
| 22 | 27.10.20 | 1,69,400 |
| 36 | 24.02.21 | 1,99,000 |
| 37 | 12.03.21 | 1,01,750 |
| 38 | 28.03.21 | 6,95,700 |
| 29 | 27.01.21 | 440900 |
| 35 | 24.02.21 | 483000 |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഒരുമിച്ചാണ് ഗുണഭോക്തൃലിസ്റ്റ് തയാറാക്കിയിരിക്കുന്നത്. ഭിന്നശേഷിക്കാരിൽ മാനസിക വൈകല്യമുള്ളവർക്കും ശാരീരിക വൈകല്യമുള്ളവർക്കും വ്യത്യസ്ത നിരക്കിലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. അത് വ്യക്തമാകുന്നതിനായി വ്യത്യസ്ത വിഭാഗത്തിലുള്ളവരുടെ ഗുണഭോക്തൃലിസ്റ്റ് തയാറാക്കേണ്ടതാണ്. അർഹത വ്യക്തമാക്കുന്ന നിലയിലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചു എന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. രേഖകൾ തയ്യാറാക്കിയിരിക്കുന്നത് ഓഡിറ്റിന് പര്യാപ്തമായ നിലയിലല്ല.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ, ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്ത 18 വയസ്സിൽ താഴെയുള്ളവർ എന്നിങ്ങനെ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ തയ്യാറാക്കി അവർക്ക് അർഹമായ ധനസഹായം, നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ പേര് മേൽവിലാസം മറ്റ് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ. (കൈ)നം.22/2018/ത.സ്വ.ഭ.വ. തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും (വാർഷിക ബത്ത500/- രൂപ ഒഴിവാക്കി) ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് പ്രതിവർഷം കുറഞ്ഞത് 4,800/- രൂപയും കൂടിയത് 12,000/- രൂപയും അർഹതയുണ്ട്.

എന്നാൽ പ്രോജക്ട് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് അനുവദനീയമായിലും അധികം തുക അനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | നൽകിയ തുക | നൽകാവുന്ന തുക | തുക, ബിൽ നം | ക്ലാസ് | കാറ്റഗറി |
|---|---|---|---|---|---|
| ആഷിക് എസ്, കൃഷ്ണ വിലാസം, ആവിളാകത്ത് വീട്, പ്ലാമൂട്ടുക്കട | 9300 | 4800 | 4000/24-16.04.21<br>800/32-11.02.21<br>4500/31-11.02.21 | 3-ാം ക്ലാസ് | ശാരീരിക വെല്ലുവിളി നേരിടുന്നവർ<br>വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് നം TVMHS01000024 |
| അമർജിത്ത് എസ് എസ് , അയിര | 13000 | 7200 | 7000/38-28.03.21<br>6000/24-16.04.21 | പ്ലസ് വൺ | ശാരീരിക വെല്ലുവിളി നേരിടുന്നവർ |
| ജസ്റ്റിൻരാജ് പി,കാക്കവിള | 18500 | 12000 | 9000/24-16.04.21<br>6500/35-24.02.21<br>3000/36-24.02.21 | വൊക്കേഷണൽ പരിശീലനം | |

| | | | | |
|---|---|---|---|---|
| സുധ പി,അയിര | 25500 | 12000 | 8500/35-24.02.21<br>7000/38-28.03.21<br>7000/22-27.10.20<br>3000/36-24.02.21 | ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ |
| ജ്യോതിക ജെ ആർ<br>അയിര | 16000 | 4800 | 9000/24-16.04.21<br>7000/38-28.03.21 | 3rdസ്റ്റാൻഡേർഡ് |

സർക്കാർ നിർദ്ദേശിച്ച പരിധിയലധികരിച്ച് തുക കൈമാറിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 37) തുടർവർഷങ്ങളിൽ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി.

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ എത്രപേർ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരായി ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ കാറ്റഗറിയിലുമുള്ളവർക്ക് വ്യത്യസ്ത ഗുണഭോക്തൃലിസ്റ്റുകൾ തയാറാക്കി അർഹരായവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ കഴിയുന്ന മുഴുവൻ സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കേണ്ടതാണ്. എല്ലാപേർക്കും അർഹതപ്പെട്ട തുക ലഭിക്കുന്നുണ്ടെന്നും അനർഹമായി തുക നൽകുന്നില്ലെന്നും ഉറപ്പാക്കേണ്ടതുമാണ്. അധികം നൽകിയ തുക ക്രമീകരിക്കുന്നതുൾപ്പെടെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) പ്രോജക്ട് നം 296/21 ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

( സ്പിൽ ഓവർ )

അടങ്കൽ - 1,08,200 ( പൊതുവിഭാഗം സാ.ധാ വിഹിതം )

ചെലവ് - 1,08,200 ( ബിൽ നം 16/25.08.20 )

പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭ്യമായിരിക്കുന്ന ആഷിക് എസ് എന്നയാളുടെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം ടിയാൻ മാനസിക വെല്ലുവിളി നേരിടുന്നവരിൽ ഉൾപ്പെട്ടതാണ്.

ആഷിക് എസ് എന്ന കുട്ടിക്ക് 3000/-രൂപ നൽകിയിരിക്കുന്നു. ബിൽ പ്രകാരം തുക കൈമാറിയിരിക്കുന്നത് 10270100018803 (Bank Of India ) എന്ന അക്കൌണ്ടിലേയ്ക്കാണ്. എന്നാൽ അപേക്ഷകൻ ലഭ്യമാക്കിയിരിക്കുന്ന പാസ്ബുക്കിന്റെ പകർപ്പ് 37850782790 (എസ് ബി ഐ) എന്ന അക്കൌണ്ടിലേതാണ്.

അപാകതകൾക്ക് നിർവണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ പരാമർശം ഒഴിവാക്കാനുതകുന്ന രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല ( നം 37/02.04.2022) .

ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 1-27 കോവിഡ് പ്രവർത്തനം- അവലോകനം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ ഹെൽപ്ഡസ്ക്, Emergency Response Team എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1364/2020/ത.സ്വ.ഭ.വ. തീയതി 16.07.2020 പ്രകാരം സി.എഫ്.എൽ.ടി.സി-യുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി മാനേജിംഗ് കമ്മിറ്റിയും കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ, ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി എന്നിവ പ്രകാരം സി.എഫ്.എൽ.ടി.സി-യുടെ പ്രവർത്തനം 21.08.2020 മുതൽ 20.12.2020 വരെ നടത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾക്കായി

തനത്ഫണ്ടിൽ നിന്നും 30,84,457/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 25,00,000/- രൂപ തനത് ഫണ്ടിലേയ്ക്ക് ലഭ്യമായിട്ടുണ്ട്. ബാക്കി തുക കൂടി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ത.സ്വ.ഭ.വ. പ്രകാരം ഒരു കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിട്ടുണ്ട്. വരവായി പഞ്ചായത്ത് അക്കൗണ്ടിൽ തുകയൊന്നും സ്വീകരിച്ചിട്ടില്ലായെന്നും കമ്മ്യൂണിറ്റി കിച്ചന്റെ നടത്തിപ്പിനായി 435783/- രൂപ ചെലവഴിച്ചുവെന്നും വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.5 ന്റെ മറുപടി)

കോവിഡുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കേരളബാങ്ക് പാറശ്ശാല ശാഖയിൽ ( അക്കൌണ്ട് നം 020171201030006) അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ഈ അക്കൌണ്ട് പ്രകാരം പണമിടപാടുകൾ നടത്തിയിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവായ തുകയുടെ കൃത്യമായ അക്കൗണ്ട് സൂക്ഷിക്കേണ്ടതും സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-28 അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കേണ്ടതാണ്.

അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്രവിഹിതത്തിൽ തൻവർഷം 536169/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 471588 |
| വരവ് | 1164452 |
| ആകെ | 1636040 |
| ചെലവ് | 1099871 |
| നീക്കിയിരിപ്പ് | 536169 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ മേൽ പറഞ്ഞ ആവശ്യങ്ങൾക്കായി ശേഷിച്ച കേന്ദ്രവിഹിതം വിനിയോഗിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 17) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിയിൽ 34 അങ്കണവാടികൾ പ്രവർത്തിക്കുന്നതായും, അതിൽ 6 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും, ചുറ്റുമതിൽ ഇല്ലാത്ത 4 എണ്ണം പ്രവർത്തിക്കുന്നതായും അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് വിശദമാക്കാൻ ആരാഞ്ഞ് നൽകിയ അന്വഷണകുറിപ്പ് 17/2022 -ന് ലഭ്യമാക്കിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നായ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വരും വർഷത്തെ പദ്ധതികളിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി വസ്തു ലഭ്യമാക്കി ചുറ്റുമതിലോടുകൂടിയ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 അങ്കണവാടി പോഷകാഹാരം -അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടില്ല.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്റ്റാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിനു കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ദ പരിശീലനം നേടിയ അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉല്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ

ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തി അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയിൽ പോഷകാഹാരത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഗുണനിലവാരം ഉറപ്പു വരുത്താതെയാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. 2020-21 ൽ കോവിഡ് ലോക്ഡൗൺ ആയിരുന്നതിനാൽ ലാബുകൾ സാമ്പിളുകൾ പരിശോധനയ്ക്ക് സ്വീകരിച്ചിരുന്നില്ലായെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം 17) മറുപടി ലഭ്യമാക്കി.

ഭാവിയിൽ ഗുണനിലവാരം ഉറപ്പുവരുത്തിമാത്രം പോഷകാഹാരവിതരണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂളിനായി ഉപകരണങ്ങൾ വാങ്ങി.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രോജക്ട് നമ്പർ SO392/21 പ്രകാരം ജനറൽ ഫണ്ടിൽ നിന്നും 10000/-രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 1250000/-രൂപയും ഉൾപ്പടെ ആകെ 1260000/-രൂപ അടങ്കൽ വകയിരുത്തി. പദ്ധതി നടത്തിപ്പിനായി 675000/-രൂപ ചെലവഴിച്ച് ബഡ്സ് സ്കൂളിനായി ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങുകയും ചെയ്തു. ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്നും 11-ാം വാർഡിൽ ബഡ്സ് സ്കൂളിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതായും കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ഉപകരണങ്ങൾ (വിദ്യാർത്ഥികൾക്കുള്ള കളിക്കോപ്പുകൾ)വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി നൽകുന്നതാണെന്നും പഞ്ചായത്തിന്റെ കീഴിലുള്ള 11-ാം വാർഡിലെ താല്ക്കാലിക കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, ബഡ്സ് സ്കൂളിന് ജില്ലാ മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിച്ചില്ലായെങ്കിൽ തിരികെ അടവാക്കേണ്ട സാഹചര്യം ഒഴിവാക്കാനാണ് പ്രസ്തുത തുക ചെലഴിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 15/30.03.2022 ന്റെ മറുപടി). കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. നാളിതുവരെ അംഗീകാരം നേടി പ്രവർത്തനം തുടങ്ങാത്ത ബഡ്സ് സ്കൂളിനായി ഉപകരണങ്ങൾ വാങ്ങാനായി തുക ചെലവഴിച്ചത് ഗ്രാമപഞ്ചായത്തിന്റെ ആസൂത്രണത്തിൽ സംഭവിച്ച വീഴ്ചയായി കാണുന്നു. ആയതിനാൽ ബഡ്സ് സ്കൂളിന്റെ അംഗീകാരം നേടാനുള്ള പ്രവർത്തനം വേഗത്തിലാക്കി സ്കൂൾ പ്രവർത്തനം ആരംഭിക്കേണ്ടതും, പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിച്ചില്ല. ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രി അറ്റകുറ്റ പണികൾ |
|---|---|
| പ്രോജക്ട് നം | 307/21 |
| അടങ്കൽ തുക | 300000 |
| ചെലവ് തുക | 0 |

| പ്രോജക്ടിന്റെ പേര് | നണയൻവിള പാലം നിർമ്മാണം |
|---|---|
| പ്രോജക്ട് നം | 321/21 |
| അടങ്കൽ തുക | 75000 |
| ചെലവ് തുക | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-10/2022-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് നം-307/21 സമീപത്തെ കെട്ടിട ഉടമയുമായുള്ള തർക്കം കാരണം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലെയന്നാണ് അറിയിച്ചിട്ടുള്ളത്.

ഏറ്റെടുക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ ഏറ്റെടുക്കുന്ന വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

2020-21 സാമ്പത്തികവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചില ഐറ്റങ്ങൾ ഒഴിവാക്കിയും ചില ഐറ്റങ്ങൾ ഉൾപ്പെടുത്തിയും പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ് ചെയ്ത പ്രോജക്ടുകളുടെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|
| 117/21 | കഞ്ഞിക്കുഴി റോഡ് നവീകരണം വാർഡ്-16 |
| 172/21 | പൊറ്റയിൽക്കട-ഞാറക്കാല റോഡ് അറ്റകുറ്റപണി വാർഡ്-2 |
| 173/21 | ആലുവിള റോഡ് അറ്റകുറ്റപണി വാർഡ്-2 |
| 179/21 | കല്ലിയിൽ കുടുംബാരോഗ്യകേന്ദ്രം മെയിന്റനൻസ് |
| 200/21 | 100-ാം നം. അംഗൻവാടി മുതൽ നീലകണ്ഠേശ്വരം ക്ഷേത്രം വരെ നടപ്പാത നിർമ്മാണം |
| 224/21 | പെച്ചന്ത കോളനി മുതൽ ബ്രഹ്മകോണം വരെ റോഡ് പുനരുദ്ധാരണം |
| 246/21 | ചക്കിരാതി റോഡ് പുനരുദ്ധാരണം വാർഡ്-1 |
| 262/21 | യു.പി.സ്കൂൾ കാരോട് ടോയ്ലറ്റ് നിർമ്മാണം |
| 272/21 | ചെങ്കവിള പൊതു ടോയ്ലറ്റിന് സമീപം ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം നിർമ്മാണം |

| | |
|---|---|
| 331/21 | 106-ാം നമ്പർ അംഗനവാടി മെയിന്റനൻസ് വാർഡ് -6 |
| 332/21 | പൊറ്റയിൽക്കട യു.പി.സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം |
| 349/21 | കല്ലിയിൽ പി.എച്ച്.സി സബ്‌സെന്റർ ടോയ്‌ലറ്റ് നിർമ്മാണം |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-8/22) പദ്ധതികൾ ആരംഭിക്കുന്ന സമയത്ത് പൊതുജനങ്ങളുടെയും, ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ കാരണം പല എസ്റ്റിമേറ്റുകളും ചില മാറ്റങ്ങൾ വരുത്തുവാൻ നിർദ്ദേശിക്കാറുണ്ടെന്നും ആയത് പഞ്ചായത്ത് കമ്മിറ്റിയുടെ അവസവാദത്തിന് വിധേയമായി ഭേദഗതി ചെയ്യേണ്ടതായി വരുന്നുവെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ സൈറ്റ് കണ്ടീഷൻ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെടാത്തതിനാലാണ് പദ്ധതി റിവൈസ് ചെയ്യേണ്ടി വരുന്നത്. 2012 PWD Manual ഖണ്ഡിക 1601.1.1 ലെ നിർദ്ദേശങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ പാലിച്ചും കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിച്ചുകൊണ്ട് പ്രവൃത്തി നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീയതി 1-11-2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. സർക്കുലർ നമ്പർ 18/19 ധനം/ തീയതി 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം 12% ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടുത്തിയാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ബിൽ തയ്യാറാക്കുമ്പോൾ പ്രവൃത്തി മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. പ്രവൃത്തിമൂല്യത്തോടൊപ്പം GST ഇനത്തിൽ ഓരോ പ്രവൃത്തികൾക്കും പഞ്ചായത്ത് ഫണ്ടിൽ നിന്ന് കരാറുകാരന് തുക നല്കുന്നതിനാൽ GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് കരാറുകാരൻ ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ജി.ഒ(ആർ.ടി)നം.2532/2018/ തസ്വഭവ തീയതി 29-9-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം-9/22-ന് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്ന പ്രവൃത്തികളുടെ വിവരം കേന്ദ്ര-സംസ്ഥാന ജി.എസ്.ടി കമ്മീഷണർമാർക്ക് നൽകുന്നുണ്ടെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക അടവാക്കിയ രേഖകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-34 ടേക്ക് എ ബ്രേക്ക് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികൾ നിർമ്മിക്കുന്നതിന് സഉ(സാധാ)നം 139/2020 ത.സ്വ.ഭ.വ തീയതി 06.03.2020, സർക്കുലർ നംDBs/507/11/CE/LSGD തീയതി-24.09.2020 എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകി. ഗുണഭോക്തൃസമിതി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 11.2 (എ) പ്രകാരം 50000/-രൂപയും അതിന് താഴെയും എസ്റ്റിമേറ്റ് തുകയുമുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ മേൽ നിബന്ധന പാലിക്കാതെ 50,000/-രൂപയ്ക്ക് മുകളിൽ (100000) എസ്റ്റിമേറ്റ് തുകയുള്ള ചെങ്കവിള പൊതു ടോയ്‌ലറ്റിന് സമീപം ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം നിർമ്മാണം (272/21 ) എന്ന പ്രോജക്ട് ഗുണഭോക്തൃസമിതി മുഖേനയാണ് നടപ്പിലാക്കിയതായിട്ടുള്ളത്.

പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിൽ സർക്കുലർ നം1/1559/2010/സി.ഇ/ത.സ്വ.ഭ.വ തീയതി13.11.2014 -ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2.കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങുന്നതിന് പകരം കൺവീനറുടെ പേരിലാണ് അക്കൗണ്ട് തുടങ്ങിയിട്ടുള്ളത്.

3.തൊഴിലാളികളുടെ വേതനം സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട്സ് ബുക്ക് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രസ്തുത പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് സ്ഥലപരിശോധന നടത്തിയപ്പോൾ, ചെങ്കവിള ചന്തയ്ക്കുള്ളിലാണ് ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ടോയ്‌ലറ്റുകൾ നിർമ്മിച്ചിട്ടുള്ളത്. വെള്ളവും വൈദ്യുതിയും ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ചന്തയിൽ നിലവിൽ മറ്റൊരു ടോയ്‌ലറ്റ് ബ്ലോക്ക് നിലവിലിരിക്കെ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ടോയ്‌ലറ്റുകൾ നിർമ്മിച്ചത് പാഴ്ചെലവാണ് . സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ പഞ്ചായത്ത് പരിധിയിൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്ത് നിർമ്മിച്ചിരുന്നുവെങ്കിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുകയും ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-35 ലൈഫ് ഭവനപദ്ധതി-അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതിപ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കളിൽ അനർഹരായവരെ കണ്ടെത്തിയതിന്റെയും അവർക്ക് നൽകിയ തുകയുടെയും വിശദവിവരങ്ങൾ (ബിൽ നമ്പർ ഉൾപ്പടെ) ലഭ്യമാക്കാനും, അത്തരം ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റിനെ അറിയിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 31/22- ന് ലഭ്യമാക്കിയ മറുപടിയിൽ, ലൈഫ് ഗുണഭോക്താവായ സി.എലിസമ്പത്ത്, ഏഞ്ചൽ നിവാസ്, കുഴിവിളാകം, അയിര എന്നയാൾക്ക് ആനാവൂർ വില്ലേജിൽ റീസർവ്വെ 229/15-ൽ 41.75ആർ (ഒരു ഏക്കർ മൂന്ന് സെന്റ്)വസ്തു കൈവശത്തിൽ ഉള്ളതായി (ആനാവൂർ വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ) കണ്ടെത്തിയതിനാൽ നാളിതുവരെ നൽകിയ 200000/-രൂപ(40000/-രൂപ,ചെക്ക്നം.21077,തിയതി.22-01-2019,160000/-രൂപ,ചെക്ക് നം.210794തിയതി-30-4-2019) തിരികെ അടവാക്കാൻ നോട്ടീസുകൾ നൽകിയെങ്കിലും തുക നാളിതുവരെ തിരികെ അടവാക്കിയിട്ടില്ലായെന്നും അറിയിച്ചു. ഗ്രാമപഞ്ചായത്ത് 25/10/2019-ൽ കൂടിയ സാധാരണയോഗത്തിൽ 27-(1) നമ്പർ തീരുമാനപ്രകാരം പ്രസ്തുത തുക തിരികെ ഈടാക്കാൻ വി.ഇ.ഒ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ഗുണഭോക്താവ് വി.ഇ.ഒ-മായി ഏർപ്പെട്ട കരാർ പ്രകാരം വ്യജരേഖകൾ ഹാജരാക്കിയോ, തെറ്റിധരിപ്പിച്ചോ, മറ്റേതെങ്കിലും തരത്തിലോ പട്ടികയിൽ കടന്നു കൂടി, പിന്നീട് അനഹർ എന്ന് തെളിഞ്ഞാൽ കൈപ്പറ്റിയ തുക 12% പലിശയോടപ്പം തിരിച്ച് നിർവഹണേദ്ധ്യേഗസ്ഥന് നൽകാമെന്ന് സമ്മതിച്ചതിനാൽ അനർഹമായി കൈപ്പറ്റിയ തുക ഗുണഭോക്താവിൽ നിന്നും ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്ഥീകരിക്കുവാൻ നിർവണോദ്ധ്യോഗസ്ഥൻ സെക്രട്ടറി മുഖാന്തിരം നടപടി സ്വീകരിക്കേണ്ടതും, തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 ആരോഗ്യ മേഖലയിലെ പദ്ധതികളിലെ അപാകതകൾ .

നിർവ്വഹണം – മെഡിക്കൽ ഓഫീസർ

| | |
|---|---|
| പ്രോജക്ട് നം. | 141/21 |
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി - ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും വേതനം |

പ്രസ്തുത പ്രോജക്ട് പ്രകാരം ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ ശമ്പളം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി അറ്റൻഡർ തസ്തികയിൽ നിയമനം നടത്തി 10/2020 മുതൽ 02/2021 വരെ ശമ്പളം നൽകി. ആർദ്രം പദ്ധതി പ്രകാരം രണ്ട് അറ്റൻഡർമാരുടെ സേവനം അത്യാവശ്യമായിരുന്നുവെന്നും ഷിഫ്റ്റ് അനുസരിച്ച് മാത്രമേ ജോലി ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 14/30-3-2022 ന്റെ മറുപടി). പ്രോജക്ടിൽ വിഭാവനം ചെയ്യും പ്രകാരം നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | ലൈഫ് ഭവനപദ്ധതി ഫേസ് 3 യിൽ നിന്നും ഫേസ് 2ലേയ്ക്ക് മാറിയ ഗുണഭോക്താക്കളുടെ ഭവന നിർമാണം | 1000000 | 1000000 |
| | | ലൈഫ് ഭവനപദ്ധതി- പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമാണം | 80000 | 80000 |
| | | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി വനിത (SO) | 1115291 | 1115291 |
| | | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് | 783750 | 695700 |
| | | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി വനിത (New) | 1200000 | 600000 |
| ആകെ | | | | 3490991 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് | 783750 | 783750 |
| | | ലൈഫ് (ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമാണം | 1500000 | 800000 |
| | | സ്നേഹ സ്പർശം മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് നൽകൽ | 170250 | 170250 |
| | | കേദാരം സമഗ്രനെൽകൃഷി വികസനം | 255000 | 113322 |
| | | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി വനിത (New) | 1200000 | 1200000 |
| | | | ആകെ | 3067322 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (സൂലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 170250 | 2897072 | 3067322 | 3067322 | 0 |
| ജില്ലാപഞ്ചായത്ത് | 0 | 3490991 | 3490991 | 3490991 | 0 |

### 4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2020-21 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | പോസ്റ്റ് ഇട്ട് സ്ട്രീറ്റ് ലൈൻ വലിക്കൽ 94/21 | 24072 | 24072 | 0 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | തൻവർഷം ലഭിച്ച വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ | സ.ഉ (എം.എസ്) നം 68/18 തസ്വഭവ തീയതി 18.05.2018 | 6080000 | 57800897 (എ എഫ് എസ് പ്രകാരം ) | 4916000 സുലേഖ പ്രകാരം | 58964897 (എ എഫ് എസ് പ്രകാരം ) |

വായ്പ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെയുള്ള വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. സാംഖ്യ, സുലേഖ എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ലഭ്യമാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,45,42,695 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,97,83,059 |
| ആകെ വരവ് | 14,43,25,754 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,54,36,755 |
| നീക്കിയിരിപ്പ് | 88,88,999 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43,95,133 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,90,000 | ശ്രീ.എ.ഗോപാലൻ, സെക്രട്ടറി |
| 1-23 | 2,71,643 | ശ്രീമതി കലാജി പ്രീത.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-25 | 39,33,490 | ശ്രീമതി കലാജി പ്രീത.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 43,95,133 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.ഗോപാലൻ, സെക്രട്ടറി | സെക്രട്ടറി | ഗോകുലം , അരുവല്ലൂർ കുളത്തൂർ , പ്ലാമൂട്ടുക്കട പി.ഓ |
| ശ്രീമതി കലാജി പ്രീത.എസ് , ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | കലാഭവൻ, ആനക്കുഴി മീൻമുട്ടി.പി.ഓ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 4 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 6 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 3 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 11 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/2104/16 തീയതി.05.01.2018 | 12 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1657(എ) /2017 തീയതി 16.08.2017 | 1 |
| 2017-18 | കെ.എസ്.എറ്റി വി.എം ജിപി1/443/2019 തീയതി 17.10.19 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/40/2020 തീയതി 09.03.2020 | |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/444/2022 തീയതി 23.03.2022 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്